കേരളത്തിൽ ഒരു ഫിലിം സെൻസർബോർഡ്

*157 [170] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിന് ഒരു ഫിലിം സെൻസർബോർഡ് കിട്ടുന്നതിന് കേന്ദ്രം തടസ്സം സൃഷ്ടിക്കുന്നതിനുള്ള കാരണങ്ങൾ എന്തൊക്കെയാണ്;

(ബി) കേരളത്തിലും മദ്രാസിലും നിർമ്മിക്കുന്ന മലയാളചിത്രങ്ങൾക്ക് സെൻസർ സർട്ടിഫിക്കറ്റ് കിട്ടുവാൻ കാലതാമസം വരുന്ന വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. എസ്. വരദരാജൻ നായർ):

(എ) കേരളത്തിൽ ഒരു ഫിലിം സെൻസർബോർഡ് കിട്ടുന്നതിന് കേന്ദ്രം തടസ്സം സൃഷ്ടിക്കുന്നതായി അറിവില്ല.

(ബി) ഇതുസംബന്ധിച്ച് ഗവൺമെൻറിന് യാതൊരു പരാതിയും ലഭിച്ചിട്ടില്ല.

പ്രമാണം എഴുതുന്നവരുടെ സംഘടന

*158 [171] ശ്രീ. കല്ലട നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സബ് രജിസ്ട്രാർ കച്ചേരികളിലെ പ്രമാണം എഴുതുന്നവരുടെ സംഘടന എന്തെങ്കിലും നിവേദനം ഗവൺമെൻറിനു സമർപ്പിച്ചിരുന്നുവോ;

(ബി) ഉണ്ടെങ്കിൽ അവർ ഉന്നയിച്ചിരിക്കുന്ന ആവശ്യങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ;

(സി) അവയിൽ ഏതെല്ലാം ഡിമാൻറുകൾ ഇതിനോടകം അംഗീകരിച്ചു എന്ന് വ്യക്തമാക്കാമോ?

ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. ടി. എസ്. ജോൺ):

(എ) സമർപ്പിച്ചിരുന്നു.

(ബി) ആധാരമെഴുത്തുഫീസും പകർത്തെഴുത്തുഫീസും സംബന്ധിച്ചുള്ള നിരക്കിൽ വർദ്ധനവു വരുത്തുക, ലൈസൻസ്/പുസ്തക രൂപത്തിലാക്കുക, ഡിപ്പാർട്ടുമെൻറിൽനിന്നും റിട്ടയർ ചെയ്യുന്നവർക്ക് ആധാരമെഴുത്തു ലൈസൻസ് കൊടുക്കുന്ന സമ്പ്രദായം നിർത്തലാക്കുക, എഴുത്തുകാർക്ക് ക്ഷേമനിധി ഏർപ്പെടുത്തുക, പ്രൊവിഡൻറ് ഫണ്ട് ഏർപ്പെടുത്തുക, ആധാരമെഴുത്തു ലൈസൻസ് സസ്പെൻറു ചെയ്യുന്നതിനു സബ് രജിസ്ട്രാർക്കുള്ള അധികാരം ഇല്ലാതാക്കുക, പ്രധാനപ്പെട്ട ഉത്തരവുകളുടെ പകർപ്പുകൾ എഴുത്തുകാർക്കുകൂടി കാണത്തക്കവണ്ണം നോട്ടീസു ബോർഡിൽ പ്രദർശിപ്പിക്കുക മുതലായവയാണ് അവർ ഉന്നയിച്ചിരുന്ന മുഖ്യ ആവശ്യങ്ങൾ.

(സി) റേഡിയോ ലൈസൻസിന്റെ മാതൃകയിൽ ലൈസൻസ് വിതരണം ചെയ്യുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ആധാരം എഴുത്തുഫീസും പകർപ്പെഴുത്തുഫീസും പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ഡിപ്പാർട്ടുമെൻറിൽ നിന്നും റിട്ടയർ ചെയ്തവരെ ആധാരം എഴുത്തുകാരായി നിയമിക്കുന്ന നിയമം റദ്ദാക്കിയിട്ടുണ്ട്. കാലാകാലങ്ങളിൽ നടപ്പിൽവരുന്ന ഉത്തരവുകൾ

LIBRARY ARCHIVES Kerala Legislative Assembly